Draft #4 of File 80972/EI1 SO/2020/EI 1 Approved by ASSISTANT REGISTRAR III (EXAM) on 01-Feb-2021 10:33 PM - Page 1

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

### <u>സംഗ്രഹം</u>

ബി ടെക് പരീക്ഷ -സിൻഡിക്കേറ്റ് മോഡറേഷൻ പിൻവലിച്ച കൊണ്ടുള്ള ഉത്തരവ് റദ്ദ ചെയ്ത കോടതി വിധി നടപ്പിലാക്കുന്നത് -സംബന്ധിച്ച്

---

**പരീക്ഷാ വിഭാഗം ഐ 1 സെക്ഷൻ**

നമ്പർ. 706/EI 1/2021/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 02.02.2021

---

*പരാമർശം:-*(1) സ ഉ നം 2085/EI1/2019 / എം ജി യു തീയതി 17.05.2019

(2) സ ഉ നം5207/EI1/2019 / എം ജി യു തീയതി 26.10.2019

(3) 02.12.2020 ൽ കേരള ഹൈക്കോടതി WP(C)32960/2019 , WP(C)35551/2019 നമ്പർ പരാതികളിന്മേൽ പുറപ്പെടുവിച്ച വിധിന്യായം

(4)18.01.2021 ൽകൂടിയ സിൻഡിക്കേറ്റ് ഉപസമിതി (പരീക്ഷ) യോഗത്തിന്റെ മിനിട്സ്

### <u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം, ബി. ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമെസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോട് കൂടിയ മാർക്കിന് പുറമെ പരമാവധി 5 മാർക്ക് കൂടി സിണ്ടിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് തീരുമാനിച്ച് ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം, പ്രസ്തുത തീരുമാനം പിൻവലിക്കുവാനും 17.05.2019-ലെ ഉത്തരവ് റദ്ദ ചെയ്യുവാനും തീരുമാനിച്ചിരുന്നു.

എന്നാൽ പരാമർശം 3 -ലെ വിധിന്യായത്തിലൂടെ ബഹു .കേരള ഹൈക്കോടതി, പരാമർ ശം 2-ലെ സർവ്വകലാശാല ഉത്തരവ് റദ്ദാക്കി. ഇതേതുടർന്ന് 18 .01 .2021 ൽ ചേർന്ന സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി മുകളിൽ സൂചിപ്പിച്ച കോടതിവിധി അംഗീകരിക്കുന്നതിനും തൽഫലമായി പുനഃസ്ഥാപിക്കപ്പെടുന്ന പരാമർശം 1 ലെ സർവകലാശാല ഉത്തരവിലെ വ്യവസ്ഥകളെ താഴെ സൂചിപ്പിക്കുന്ന പ്രകാരം സ്പഷ്ടീകരിക്കുന്നതിനും ശിപാർശ ചെയ്തു

1. 17.05.2019 ലെ 2085/EI1/2019 /എം ജി യു സർവകലാശാല ഉത്തരവ് 17.05.2019 ന മുൻപ് ഫലം പ്രഖ്യാപിച്ചിട്ടുള്ള ബി ടെക് പരീക്ഷകൾക്ക് മാത്രമായി നിജപ്പെടുത്തുന്നു.

2. 17.05.2019 ലെ സിൻഡിക്കേറ്റ് മോഡറേഷൻ നൽകുന്നതിനുള്ള ഉത്തരവ് വരുന്നതിനു മുൻപുള്ള കാലയളവുകളിൽ ബി ടെക് പരീക്ഷകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം 5 മാർക്ക് കുറവു കൊണ്ട് വിജയിക്കാതിരിക്കുകയും പിന്നീട് 17.05.2019 ലെ സിൻഡിക്കേറ്റ് മോഡറേഷൻ നൽകുന്നതിനുള്ള ഉത്തരവ് വരുന്നതിനു മുൻപ് തന്നെ സപ്പ്ളിമെന്ററി പരീക്ഷയിലൂടെ പാസാകുകയും ചെയ്ത വിദ്യാർത്ഥികൾക്ക് 17.05.2019 ലെ 2085/EI1/2019 /എം ജി യു സർവകലാശാല ഉത്തരവ്

ബാധകമാകില്ല.

3. 26.10.2019 ലെ 5207/EI1/2019 / എം ജി യു സർവകലാശാല ഉത്തരവ്പ്രകാരം ബിരുദ സർട്ടിഫിക്കറ്റ് തിരികെ നൽകിയതിന് ശേഷം പുനർമൂല്യനിർണ്ണയത്തിലൂടെയും സപ്ലിമെന്ററി പരീക്ഷയിലൂടെയുംപാസ്സായ വിദ്യാർത്ഥികൾ ആദ്യം ബിരുദം നൽകിയ തീയതി പ്രാബല്യത്തിൽ വീണ്ടും സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയാണെങ്കിൽ ഇപ്പോൾ നൽകിയിരിക്കുന്ന കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ,പ്രൊവിഷണൽ സർട്ടിഫിക്കറ്റ്/ ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ റദ്ദ് ചെയ്ത് 17.05.2019 ലെ സർവകലാശാല ഉത്തരവ് പ്രകാരം മോഡറേഷൻ മാർക്ക് നൽകി കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ,പ്രൊവിഷണൽ സർട്ടിഫിക്കറ്റ്/ ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനുള്ള അനുമതി നൽകാവുന്നതാണ്.

4. ബഹു .ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17.05.2019 ലെ 2085/EI1/2019 /എം ജി യു സർവകലാശാല ഉത്തരവ് പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നതിനാൽ സിൻഡിക്കേറ്റ് മോഡറേഷനോട് കൂടി ബി ടെക് പരീക്ഷ വിജയിച്ചതായി പ്രഖ്യാപിച്ച വിദ്യാർത്ഥികളുടെ ഫലപ്രഖ്യാപനം റദ്ദ് ചെയ്തു കൊണ്ട് പുറപ്പെടുവിച്ച 27.11.2019 ലെ 6012/EI1/2019/എം ജി യു സർവകലാശാല ഉത്തരവ് റദ്ദ് ചെയ്യാവുന്നതാണ്.

ബഹുമാനപ്പെട്ട വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ അധ്യായം 3, വകുപ്പ് 10(17) അനുസരിച്ചുള്ള അധികാരം ഉപയോഗിച്ച് മേൽപറഞ്ഞ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ്പുറപ്പെടുവിക്കുന്നു

ബിന്ദു എൻ ബി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 .വി സി ,പി വി സി എന്നിവരുടെ പി എസ്
2. രജിസ്ട്രാർ ,പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ
3.ജോയിന്റ് രജിസ്ട്രാർ 2 (പരീക്ഷ )
4 .ഡെപ്യൂട്ടി രജിസ്ട്രാർ 2 (പരീക്ഷ )
5 .അസിസ്റ്റന്റ് രജിസ്ട്രാർ 3 / 17 (പരീക്ഷ )
6 .ബി ടെക് സെക്ഷനുകൾ
7 .സിടെക്സ് സെക്ഷൻ
8. ACC 1 സെക്ഷൻ
9.കരുതൽ / ശേഖരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 80972/EI1 SO/2020/EI 1 Approved by ASSISTANT REGISTRAR III (EXAM) on 01-Feb-2021 10:33 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #4 of File 80972/EI1 SO/2020/EI 1 Approved by ASSISTANT REGISTRAR III (EXAM) on 01-Feb-2021 10:33 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം